സൗജന്യമായി കൊടുക്കുന്നുണ്ട്. വി.എഫ്.പി.സി.കെ. സംസ്ഥാനത്തുടനീളം 25 ലക്ഷം തൈകൾ കൊടുക്കും. തൈകൾ കൊടുക്കുന്നത് വിത്ത് കൊടുക്കുന്നതു പോലെയല്ല. മിക്കവാറും നടുമെന്ന് ഉറപ്പാണ്. അതും സംഭാവന ചെയ്യുന്നുണ്ട്. ബാക്കി ഏകോപനമൊക്കെക്കൂടി നടത്തുമ്പോൾ കേരളത്തിലെ 150 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും അര സെന്റിലെങ്കിലും പച്ചക്കറി ഉണ്ടാകുമെന്ന് ഈ വർഷം ഉറപ്പാക്കും. ഇതെല്ലാംകൂടി ചേർന്നുവരുമ്പോൾ പൊതുവായി ഏകോപനവും പുതിയൊരു അവബോധം കുട്ടികളിലും കുടുംബങ്ങളിലുമെത്തുകയും ചെയ്താൽ നമുക്ക് സാദ്ധ്യമായതാണ് ഈ പദ്ധതി.

III സബ്മിഷൻ

(1) വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. മുരളി: സർ, സൗദി അറേബ്യയിലെ അൽക്കോബാറിലെ ജദാവൽ ഇന്റർനാഷണൽ കമ്പനിയിൽ ജോലി ചെയ്തുവന്നിരുന്ന 26 മലയാളികൾ ഉൾപ്പെടെ 42 ഭാരതീയർ എട്ട് മാസക്കാലമായി ശമ്പളമില്ലാതെ ദുരിതത്തിലായിരിക്കുകയാണ്. നിയമപരമായ തർക്കംമൂലം കമ്പനിയുടെ പ്രവർത്തനം സൗദി സർക്കാർ താൽക്കാലികമായി തടഞ്ഞതോടെ 2009 ഡിസംബർ മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ തൊഴിലാളികൾക്ക് ലഭിക്കാതെയായി. അക്കാമയുടെ കാലാവധി കഴിഞ്ഞതിനാൽ അത് റിന്യൂ ചെയ്ത് കിട്ടാത്തതിനാലും റീ-എൻട്രിയും എക്സിറ്റ് വിസയും അതിനുള്ള അനുമതിയും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ ഇവർക്ക് നാട്ടിലേക്ക് മടങ്ങാനും കഴിയുന്നില്ല. റിയാദിലെ ഇന്ത്യൻ എമ്പസിക്കും സൗദി നിയമ പ്രകാരം അവിടത്തെ ലേബർ ഓഫീസിലും പോലീസിലും പരാതി നൽകിയിട്ടും നടപടികളൊന്നുമുണ്ടായിട്ടില്ല. എന്റെ മണ്ഡലമായ മാവേലിക്കരയിലും ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലുമായുള്ള 26 മലയാളികൾ ഉൾപ്പെടെയുള്ള ഈ സഹോദരങ്ങളെ രക്ഷിക്കാൻവേണ്ടി സംസ്ഥാന സർക്കാർ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. ഒരു നടപടിയും സ്വീകരിക്കാത്ത ഇന്ത്യൻ എമ്പസി അധികൃതരെ ഈ കാര്യം അറിയിച്ചുകൊണ്ട് ഈ 42 ഇന്ത്യാക്കാരെ രക്ഷിച്ചുകൊണ്ടുവരാൻവേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, സൗദി അറേബ്യയിലെ ജദാവൽ ഇന്റർനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്ന മലയാളികളെ സംരക്ഷിച്ച് നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം എം. മുരളി ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ അന്നുതന്നെ സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർക്ക് നോർക്കാ സെക്രട്ടറി ഫാക്സ് സന്ദേശമയച്ചു. വിഷയത്തിന്റെ അടിയന്തിര സാഹചര്യം വ്യക്തമാക്കിക്കൊണ്ടും തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചുകൊണ്ടും അടിയന്തിരമായും തൊഴിലാളികളെ രക്ഷിച്ച് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നല്കി നാട്ടിലേയ്ക്ക് അയയ്ക്കാനുള്ള സഹായം ചെയ്യാനാണ് അംബാസിഡറോട് രേഖാമൂലം ആവശ്യപ്പെട്ടിരിക്കുന്നത്. 15-7-2010-ന് തന്നെ നോർക്കാ സെക്രട്ടറി സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർക്ക് ഇതുസംബന്ധിച്ച് ഒരു കത്തുകൂടി അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് ആശുപത്രി

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, എന്റെ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാതൃ-ശിശു ആശുപത്രിക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് വമ്പിച്ച മാറ്റങ്ങളുണ്ടായത്. ഇപ്പോൾ അവിടെ ഒ.പി. ആരംഭിച്ചു. അതു പോലെ കെട്ടിടത്തിന്റെ ഒരു ഭാഗം പൂർത്തിയായി. കഴിഞ്ഞ ദിവസം 59-ഓളം ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫിനെ അനുവദിച്ചു. അവിടെ ഇതൊക്കെ ചെയ്തിട്ടും കിടത്തി ചികിത്സ, ഐ.പി. ആരംഭിക്കേണ്ടതുണ്ട്. അത് ആരംഭിക്കുന്നതോടൊപ്പം അതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ പൂർത്തീകരിക്കണം. ഇ. കെ. നായനാരുടെ പേരാണ് ഇപ്പോൾ ആശുപത്രിക്ക് കൊടുത്തിരിക്കുന്നത്. അതിൽ മലിനീകരണ പ്ലാന്റ് പൂർത്തീകരിക്കേണ്ടതുണ്ട്. അതുപോലെ കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും കാര്യം തീരുമാനിക്കേണ്ടതുണ്ട്. അതോടൊപ്പം ഐ.പി. ആരംഭിക്കുമ്പോൾ അവിടെ കാന്റീനും ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സും ആവശ്യമാണ്. ഇങ്ങനെ ഒരുപിടി കാര്യങ്ങൾ അവിടെ ചെയ്തുതീർക്കാനുണ്ട്. ഈ കാര്യങ്ങൾ ചെയ്തുതീർത്താലെ അവിടെ ഐ. പി. ആരംഭിക്കാൻ സാധിക്കുകയുള്ളു. അപ്പോൾ അതിന് അടിയന്തര നടപടികൾ പൂർത്തീകരിക്കണം. കെട്ടിടങ്ങളുടെ ബാക്കി കുറച്ച് ഭാഗം പൂർത്തീകരിക്കാനുണ്ട്. ഇത് അടിയന്തരമായി പൂർത്തീകരിച്ചു കിട്ടണം. ഈ ആശുപത്രിയുടെ പുറത്ത് കുറച്ച് സ്ഥലമുണ്ട്. ഈ സ്ഥലം ഇങ്ങനെയിട്ടുകഴിഞ്ഞാൽ അന്യാധീനപ്പെടും. അതിന് ഒരു ചുറ്റുമതിൽ ആവശ്യമാണ് ഏതെങ്കിലും ഒരു പ്രോജക്ടും അവിടെ കൊണ്ടുവരാൻവേണ്ടിയുള്ള പരിശ്രമം ഉണ്ടാകണം. ഇതുവരെയുള്ള കാര്യങ്ങളിൽ സർക്കാർ മാതൃകാപരമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ അനുസ്മരിക്കുകയാണ്. ഇതിനാവശ്യമായ നടപടികളുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട അംഗം സി. കെ. പി. പത്മനാഭൻ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. മാങ്ങാട്ടുപറമ്പിൽ ഇ. കെ. നായനാർ സ്മാരക ആശുപത്രി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുന്നതിനുള്ള കെട്ടിടനിർമ്മാണം തുടങ്ങിയത് 28 വർഷം മുമ്പായിരുന്നു. ഇടയ്ക്കുവച്ച് അതിന്റെ പ്രവർത്തനം നിലയ്ക്കുകയും ഈ ഗവൺമെന്റ് വന്നതിനു ശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷനെ കൊണ്ട് അതിന്റെ പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം കുറേക്കാലം വളരെ മന്ദഗതിയിലായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഇപ്പോഴും അവരെക്കൊണ്ട് എടുപ്പിക്കുന്നതിന് കുറേ ബുദ്ധിമുട്ടുണ്ട്. എങ്കിലും കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly